**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5441** **21-07-2022 - ൽ മറുപടിയ്ക്ക്**

**അനിമൽ ബർത്ത് കൺട്രോൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നടത്താൻ കേന്ദ്ര അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള ഏതെങ്കിലും സംഘടന പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; കേന്ദ്ര അംഗീകാരത്തിനായി സ്റ്റേറ്റ് അനിമൽ വെൽഫയർ ബോർഡ് അനുമതി നൽകിയ ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ വന്ധ്യംകരണം നടത്താൻ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് പ്രവർത്തിയ്ക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് അസോസിയേഷൻ എന്ന മൃഗക്ഷേമ സംഘടനയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അംഗീകാരത്തിനായി കുടുംബശ്രീ, ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ എന്നീ സംഘടനകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങൾക്ക് അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നേരിട്ട് ഏറ്റെടുത്ത് ചെയ്യുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; തദ്ദേശ സ്ഥാപനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചാൽ മൃഗസംരക്ഷണ വകുപ്പിന് ഇക്കാര്യം നേരിട്ട് ഏറ്റെടുക്കാനാകുമോ; വിശദാംശം അറിയിക്കാമോ; | (ബി) | തദ്ദേശ സ്ഥാപനങ്ങൾക്ക് അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നേരിട്ട് ഏറ്റെടുത്ത് ചെയ്യുന്നതിന് നിയമപരമായ തടസങ്ങളില്ല. തദ്ദേശ സ്ഥാപനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചാൽ മൃഗസംരക്ഷണ വകുപ്പിന് ഇക്കാര്യം നേരിട്ട് ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നേരിട്ട് എ.ബി.സി. പ്രോഗ്രാം ചെയ്യുന്ന ജില്ലകളുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത ജില്ലകളിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായോ എന്ന് അറിയിക്കാമോ; | (സി) | കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് മൃഗസംരക്ഷണ വകുപ്പ്, എബിസി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉദ്ദേശിച്ച ലക്ഷ്യത്തിലേയ്ക്കാണ് പദ്ധതി നീങ്ങുന്നത്. |
| (ഡി) | പ്രസ്തുത പ്രോഗ്രാം ഏറ്റെടുത്ത് ചെയ്യാമെന്ന് വെറ്റിനറി ഡോക്ടർമാരുടെ സംഘടന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുമോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. എബിസി പദ്ധതി ഏറ്റെടുത്ത് ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിന് ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ, അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ ശല്യവും പേവിഷ | (ഇ) | പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശ |

| | | | |
|---|---|---|---|
| | ബാധയും തടയുന്നതിന് മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | | സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പേവിഷ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നായ്ക്കളിൽ റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം പ്രതിരോധ കുത്തിവെയ്പ് നടത്തി വരുന്നു. 2021 വർഷം 1,27,128 പേവിഷ പ്രതിരോധ കുത്തിവെയ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവെയ്പുകൾ നടത്തി വരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം നീക്കി വയ്ക്കുന്നത്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീയ്ക്ക് അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള WP(C) No. 13204/2021 തീയതി 19/07/2021 ലെ ഇടക്കാല വിധി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തിരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27/12/2021ലെ സ.ഉ. (സാധാ)നം.474/2021/AHD നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർ ഗോഡ്, വയനാട് എന്നീ ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുക വിനിയോഗിച്ച് എബിസി പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ